പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6605 08.11.2016 ൽ - മറുപടിക്ക്

ഭക്ഷ്യഭദ്രതാ നിയമം - റേഷനിൽ ഉണ്ടാകുന്ന കുറവ് നികത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതോടുകൂടി കേന്ദ്രത്തിൽ നിന്നും ലഭിച്ചു കൊണ്ടിരുന്ന റേഷനിൽ എത്ര കുറവുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതുപരിഹരിച്ച് ജനങ്ങൾക്ക് റേഷൻ വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | (എ) ഉണ്ട്. 2016 നവംബർ മുതൽ എ.എ.വൈ കാർഡുടമകൾക്ക് 16807.490 മെ.ടൺ, 4045.475 മെ.ടൺ എന്നീ ക്രമത്തിലും മുൻഗണനാ വിഭാഗങ്ങൾക്ക് 52073.178 മെ.ടൺ, 12533.742 മെ.ടൺ എന്ന ക്രമത്തിലും അരിയും ഗോതമ്പും യഥാക്രമം മൂന്ന്, രണ്ട് രൂപാ നിരക്കിൽ ലഭ്യമാകും. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രതിവർഷം നോർമൽ വിഹിതമായി 12.26 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളും അഡ്ഹോക്ക് വിഹിതമായി 3.77 ലക്ഷം മെട്രിക് ടൺ ധാന്യം ഉൾപ്പെടെ 16.04 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭ്യമായി. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ (4) പ്രകാരം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യമാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. ഇതിൽ മുൻഗണനാ വിഭാഗത്തിന് മാത്രമായി 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങൾ പ്രതിവർഷം വേണ്ടി വരും. ടൈഡ്ഓവർ അലോക്കേഷനായി നാല് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് സ്റ്റാറ്റ്യൂട്ടറി റേഷൻ നിലനിൽക്കുന്ന, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെപ്പോലെയൊരു സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യ ധാന്യങ്ങൾ അതേപടി നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ